# എന്റെ പൗർണമി

**മുഹമ്മദ് കുട്ടി എളമ്പിലാക്കോട്**

എട്ടുദിക്കും ഞെട്ടുമാറുച്ചത്തി
ലട്ടഹസിച്ചു പിശാചുക്കളാർക്കും
ഘനശ്യാമയാമ–
മനന്തമായ് വാഴ്കെ

ഭീകരമൗന വിഷാദഭയാദിക–
ളഖിലാണ്ഡങ്ങളിലാകെ–
ക്കരിനിഴലിട്ടു നിശീഥ
സ്തന്യവുമുണ്ടു തടിച്ചുകൊഴുക്കെ,

ഭീഷണ ഫൂൽക്കാരോഗ്രഫണം നീർ–
ത്തൂഷര മാനുഷഗൃഹത്തിൽ മരുവിടൂ–
മുഗ്രതമസ്സിൻ ദംശനമേൽക്കെ,
ക്കാല–
മൊരാതുര വന്ധ്യത പേരി–
ക്കാതരമൊരു കനവുള്ളിലൊതുക്കി–
ക്കണ്ണീർക്കടലിൽ മൂർഛിച്ചമരവെ,

വാസന്താഗമ കാഹളമൂതും
വശ്യമനോഹര പിക ഗാനം പോൽ
കാരുണ്യാമൃതവർഷോൽസവമായ്
പാരിന്നൊരു പുതുപുളകച്ചാർത്തായ്
ഇരുളിൻ വന്ധ്യമഹാമരുഭൂവിൽ
കരളിൽ മൃതിവിഷമേറ്റു മയങ്ങും
നരവർഗത്തിന്നമൃതസരിത്തായ്
ഹിറയിൽനിന്നുമുയർന്നൂ സുന്ദര
ധീരോജ്വലമൊരനശ്വരഗാനം.

ഘോരമതസ്സിൻ കോട്ടകൾ ഞെട്ടി
വിറച്ചു പതിച്ചിടുമിടിനാദം പോൽ
അടിമക്കമര സ്ഥാനാരോഹണ
സമയമുണർത്തും മണിനാദംപോൽ
സുന്ദര നരകുല സ്വാതന്ത്ര്യത്തെയു–
മദ്ധ്വാനത്തെയുമാരുകവർ, ന്നവ
നേകുമൊരന്തിമ ശാസനപോൽ
ഉയരും ദിവ്യമനോഹര സ്വരസുധ–
യുയിരേകിടവെ, ക്കാലം
കാതോർത്തുണരുന്നൂ.
'പാടുവതാരീ പുതിയൊരു
പുനരുജ്ജീവന ഗാനം?'
കാലവുമഖില ചരാചരവൃന്ദവു–
മടിമുടി ഹർഷരസത്തിൽ മുങ്ങി–
ക്കാതോർത്തിടവേ, ക്കണിശമൊരുജ്ജ്വല
സൂര്യനതേ പടി നരവടി–
വാർന്നതു പോലൊരു പൂരുഷ
നുണ്ടൊരു ദിവ്യ നവോജ്വലഗാനം
കൊണ്ടിരുൾ ഭൂതഗണങ്ങളെയഖിലവു–
മഗ്നിയിലേക്കു നയിക്കുന്നൂ.

കാലം തന്നുടെ കനവു പുലർന്നതു
കോൾമയിരാർന്നേ കാൺകവെ,
വിജിഗിഷുപോലപ്പൂരുഷ–
നുജ്വല മോചന ഗാനത്താലേ
കാലത്തെ തൻ പിന്നിൽ
ചാലെ നയിക്കുന്നൂ.
ചരിതത്തെത്തൻ കയ്യിലൊതുക്കി–
ച്ചെറുവിരലാകെ കറക്കിവസിപ്പവ–
നാരിത്? ഇതുതാ–
നേറെയുഗങ്ങളിലൂടെ–
ക്കഠിനതപം ചെയ്തൂഴി സധീരം
നേടിയ വരമാം സൂര്യസുതൻ.

ഇതുതാനുജ്വലമോചനഗാനവു–
മോതിപ്പൂതുയുഗ
സൂര്യനുണർത്തിയ കർമഭടൻ.

ഇതുതാനേകവിമോചനസരണി
യുദാര മനശ്വര ശോഭചൊരിഞ്ഞു
പ്രശോഭിതമാക്കിയ ധർമാർക്കൻ.

ഇതുതാനന്ധമനസ്സിൻ നെറുകയി–
ലുദയം ചെയ്തൊരനശ്വരവശ്യവിഭാതം.

പൊലിയാൻ നേരത്താദിയുഷസ്സീ
കാലത്തോടുര ചെയ്തൊരു സാന്ത്വന–
മത്തിരുപിറവിരഹസ്യം താൻ.

മമഹൃദയാംബരമധ്യേ വിളങ്ങിടു–
മണയാ പൗർണമിയാകുമിയുന്നത
പൂരുഷനല്ലേ,
പൊലിയും വരെയിനി
യുലകിലെ ജീവിത
കലാലയത്തിലെ പ്രഥമാചാര്യൻ.